# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2868.** **20.12.2012 -ലെ മറുപടിക്ക്.**

## പരീക്ഷാഫലം തടഞ്ഞുവച്ച നടപടി

| ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഈ വർഷം പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരുടെ ; | (എ) | തുടർ മൂല്യനിർണ്ണയം ലഭ്യമാക്കാത്തതുമൂലവും, കമ്പാർട്ടുമെന്റലായി എഴുതിയ വിദ്യാർത്ഥികളുടെ മുൻവർഷങ്ങളിലെ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാത്തതുമൂലവും, 2012 മാർച്ചിൽ രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷ എഴുതിയ 149 വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | പെരുമ്പാവൂർ മണ്ഡലത്തിലെ ഗാർഡിയൻ എയ്ഞ്ചൽ എച്ച് .എസ്.എസ് മണ്ണൂർ, കീഴില്ലം പി.ഒ, എന്ന സ്കൂളിൽ നിന്നും പ്ലസ് ടു പരീക്ഷ എഴുതിയ അഭിലാഷ് . കെ. ആ ർ . (ര ജി . നം . 8160840) , മുഹമ്മദ് സിദ്ദീഖ്(രജി . നം .8160860), ) ഷിൻജിത് മാത്യു. (രജി. നം.8160876) എന്നീ വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുക; | (ബി) | പെരുമ്പാവൂർ മണ്ഡലത്തിലെ ഗാർഡിയൻ ഏയ്ഞ്ചൽ എച്ച്.എസ്.എസിൽ നിന്നും പ്ലസ് ടു പരീക്ഷയ്ക്ക് ഹാജരായ അഭിലാഷ്.കെ.ആർ (രജി.നം. 8160840) എന്ന വിദ്യാർത്ഥി മാർച്ചിൽ ഇംഗ്ലീഷ്, കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്, ഇക്കണോമിക്സ് വിഷയങ്ങൾക്ക് യോഗ്യത നേടാൻ കഴിയാതെ പോയതും തുടർന്ന് 2012 ജൂണിൽ സേ പരീക്ഷയ്ക്ക് ഹാജരായതും, ഫലപ്രഖ്യാപന പ്രകാരം 3 വിഷയങ്ങൾക്കും തുടർ വിദ്യാഭ്യാസത്തിന് യോഗ്യത നേടാൻ കഴിയാത്ത ആളുമാണ്. |

(..2)

മുഹമ്മദ് സിദ്ദിഖ് (രജി.നം.8160860) എന്ന വിദ്യാർത്ഥി ഇംഗ്ലീഷ്, കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്, എന്നീ വിഷയങ്ങൾക്ക് യോഗ്യത നേടാനാവാതെ പോയ വിദ്യാർത്ഥിയും, തുടർന്ന് 2012 ജൂണിൽ 'സേ' പരീക്ഷയ്ക്ക് ഹാജരായതും , കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിൽ തുടർ വിദ്യാഭ്യാസത്തിന് യോഗ്യത നേടാൻ കഴിയാത്ത ആളുമാണ്.

ഷിൻജിത്ത് മാത്യു (രജി.നം.8160876) എന്ന വിദ്യാർത്ഥി ഇംഗ്ലീഷ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങളിൽ യോഗ്യത നേടാൻ കഴിയാത്തതും 2012 ജൂണിൽ പ്രസ്തുത വിഷയങ്ങൾക്ക് 'സേ' പരീക്ഷയ്ക്ക് ഹാജരായതും , യോഗ്യത നേടാൻ കഴിയാതെ പോയതുമാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ മാർച്ചിലെ ഫലപ്രഖ്യാപനം സമയബന്ധിതമായി നടത്തിയിട്ടുള്ളതും ,ജൂണിലെ ഫലപ്രഖ്യാപനം ചില സാങ്കേതിക കാരണങ്ങളാൽ തടഞ്ഞുവച്ചതും ,പിന്നീട് ഫലപ്രഖ്യാപനം നടത്തി സ്കൂളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

| | | | |
|---|---|---|---|
| (സി) | ഫലം തടഞ്ഞത് മൂലം തുടർ വിദ്യാഭ്യാസത്തിന് അവ സരം നഷ്ടപ്പെട്ട ഇവർക്ക് തുടർ പഠനത്തിന് സർക്കാർ സഹായം നൽകുമോ ; | (സി) | ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | ഈ വിഷയം സ്കൂൾ അധികൃതർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച തുടർനടപടിവ്യക്തമാക്കാമോ? | (ഡി) | ഇല്ല. |

Kumari Geetha VR

സെക്ഷൻ ഓഫീസർ.